**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 613** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കെതിരെയുള്ള അതിക്രമങ്ങൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. മഞ്ഞളാംകുഴി അലി

ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി)

**(എ)** കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കെതിരെ സംസ്ഥാനത്ത് നടന്ന അതിക്രമങ്ങൾ സംബന്ധിച്ച വിവരം ശേഖരിച്ചിട്ടുണ്ടോ, എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

**<u>മറുപടി:</u>** കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കെതിരെ സംസ്ഥാനത്ത് നടന്ന അതിക്രമങ്ങൾ സംബന്ധിച്ച് 01.01.2016 മുതൽ 17.06.2026 തീയതി വരെ രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം വർഷം തിരിച്ച് **അനുബന്ധം 1** ആയി ചേർത്തിരിക്കുന്നു.

**(ബി)** പട്ടികജാതി/ പട്ടികവർഗ അതിക്രമങ്ങൾ തടയൽ നിയമപ്രകാരം ഈ കാലയളിൽ ലഭിച്ചിട്ടുള്ള പരാതികളുടെ എണ്ണം എത്ര, ഇതിൽ എത്ര എണ്ണത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ട്, വ്യക്തമാക്കുമോ;

**<u>മറുപടി:</u>** പട്ടികജാതി/പട്ടികവർഗ്ഗ അതിക്രമങ്ങൾ തടയൽ നിയമ പ്രകാരം ഈ കാലയളിൽ (01.01.2016 മുതൽ 17.06.2026 തീയതി വരെ) ലഭിച്ചിട്ടുള്ള പരാതികളുടെ എണ്ണം, ആയതിൽ നടപടി സ്വീകരിച്ച പരാതികളുടെ എണ്ണം എന്നിവ വർഷം തിരിച്ച് **അനുബന്ധം 2** ആയി ചേർത്തിരിക്കുന്നു.

**(സി)** പട്ടികജാതി/ പട്ടികവർഗ വിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് ആവശ്യമായ ശക്തമായ നടപടി സ്വീകരിക്കുമോ?

**<u>മറുപടി:</u>** പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് ആവശ്യമായ ശക്തമായ നടപടി സ്വീകരിച്ച് വരുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരായ അതിക്രമങ്ങൾ തടയുന്നതിനും അവരുടെ സുരക്ഷയും അവകാശ സംരക്ഷണവും ഉറപ്പാക്കുന്നതിനുമായി സംസ്ഥാന പോലീസ് മേധാവിയുടെ കീഴിൽ എസ്.സി/എസ്.ടി പ്രൊട്ടക്ഷൻ സെൽ പ്രവർത്തിച്ചുവരുന്നു.

പട്ടികജാതി പട്ടികവർഗ്ഗ നഗറുകൾ സന്ദർശിക്കൽ, പെറ്റിഷൻ അദാലത്തുകൾ സംഘടിപ്പിക്കൽ, പോലീസ് പട്രോളിംഗ് ശക്തിപ്പെടുത്തൽ, നിയമാവബോധ ക്ലാസുകൾ, ചർച്ചകൾ, സെമിനാറുകൾ,

വർക്ക്ഷോപ്പുകൾ, സർവേകൾ എന്നിവയിലൂടെ അതിക്രമങ്ങൾ തടയുന്നതിനും സുരക്ഷാബോധവും ശാക്തീകരണവും വർദ്ധിപ്പിക്കുന്നതിനുമായി വിവിധ നടപടികൾ സ്വീകരിച്ചുവരുന്നു.

കേസുകളുടെ പുരോഗതി സംസ്ഥാന പോലീസ് മേധാവിയുടെയും ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെയും നേതൃത്വത്തിൽ നിശ്ചിത ഇടവേളകളിൽ അവലോകനം ചെയ്യപ്പെടുന്നു. കേസുകളുടെ ഫലപ്രദമായ അന്വേഷണത്തിനായി വിവിധ ജില്ലകളിൽ സ്പെഷ്യൽ മൊബൈൽ സ്ക്വാഡ് യൂണിറ്റുകളും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ പട്ടികജാതി പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) നിയമ പ്രകാരമുള്ള കേസുകളുടെ വേഗത്തിലുള്ള വിചാരണയ്ക്കായി തിരുവനന്തപുരം (നെടുമങ്ങാട്), കൊല്ലം (കൊട്ടാരക്കര), എറണാകുളം, തൃശ്ശൂർ (അയ്യന്തോൾ), പാലക്കാട് (മണ്ണാർക്കാട്), മലപ്പുറം (മഞ്ചേരി), വയനാട് (മാനന്തവാടി) എന്നീ ജില്ലകളിൽ എക്സ്ക്ലൂസീവ് സ്പെഷ്യൽ കോടതികളും സ്പെഷ്യൽ കോടതികൾ സ്ഥാപിച്ചിട്ടില്ലാത്ത ജില്ലകളിൽ ജില്ലാ പ്രിൻസിപ്പൽ സെഷൻസ് കോടതികളും എസ്.സി/എസ്.ടി സ്പെഷ്യൽ കോടതികളായി പ്രവർത്തിച്ചുവരുന്നു.

പട്ടികജാതി പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) നിയമത്തിന്റെ നടത്തിപ്പ് വിലയിരുത്തുന്നതിനായി ബഹു.മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ സംസ്ഥാന തലത്തിലും, ജില്ലാ കളക്ടർമാരുടെ അധ്യക്ഷതയിൽ ജില്ലാ തലത്തിലും മോണിറ്ററിംഗ് കമ്മിറ്റികൾ കൃത്യമായ ഇടവേളകളിൽ യോഗം ചേർന്നു സ്ഥിതിഗതികൾ വിലയിരുത്തുന്നുണ്ട്. അതിക്രമങ്ങൾക്ക് ഇരയാകുന്നവർക്കു യഥാസമയം നിയമസഹായം ലീഗൽ അതോറിറ്റികൾ വഴി ലഭ്യമാക്കുന്നതിനും, കേസുകൾ റിപ്പോർട്ട് ചെയ്യുന്നതിനും വേണ്ട സേവനങ്ങൾ നൽകുന്നതിനും എസ്.ടി പ്രൊമോട്ടർമാരുടെയും, കമ്മിറ്റഡ് സോഷ്യൽ വർക്കർമാരുടെയും സേവനം ഊരുകളിൽ സജീവമാക്കിയിട്ടുണ്ട്. കൂടാതെ ജനങ്ങൾക്കിടയിൽ ബോധവത്ക്കരണ പരിപാടികളും നിരന്തരമായി സംഘടിപ്പിച്ച് വരുന്നു.

പട്ടികജാതി പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) നിയമം ഫലപ്രദമായി നടപ്പിലാക്കുന്നതിനും, അതിക്രമത്തിനിരയായവർക്ക് നിയമസഹായം നൽകുന്നതിനുമായി "ജ്വാല" എന്ന പേരിൽ ഒരു ലീഗൽ സെൽ പട്ടികജാതി വികസന വകുപ്പ് ഡയറക്ടറേറ്റിൽ പ്രവർത്തിക്കുന്നു. പട്ടികജാതി വിഭാഗത്തിൽ നിന്നുള്ള ഒരു ലീഗൽ അഡ്വൈസർ, മൂന്ന് ലീഗൽ അസിസ്റ്റന്റുമാർ (സംസ്ഥാന തലത്തിൽ) കൂടാതെ 14 ജില്ലകളിലും ലീഗൽ കൗൺസിലറുമാർ എന്നിവരുടെ സേവനം പദ്ധതി പ്രകാരം ലഭ്യമാക്കി വരുന്നു .

അതിക്രമത്തിനിരയാകുന്നവർക്കും അവരുടെ ആശ്രിതർക്കും നിയമസഹായം, കൗൺസിലിംഗ് നൽകൽ കൂടാതെ അതിക്രമങ്ങൾ കൂടുതൽ ഉണ്ടാകുന്ന പ്രദേശങ്ങളിൽ പ്രത്യേക ബോധവൽക്കരണ പരിപാടികൾ നടത്തുകയും അതിക്രമങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും ജ്വാല പദ്ധതി മുഖേന നടപടികൾ സ്വീകരിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**

**<u>അനുബന്ധം 1</u>**

| വർഷം | രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം |
|---|---|
| 2016 | 1215 |
| 2017 | 1295 |
| 2018 | 1229 |
| 2019 | 1189 |
| 2020 | 1112 |
| 2021 | 1153 |
| 2022 | 1236 |
| 2023 | 1335 |
| 2024 | 1249 |
| 2025 | 1052 |
| 2026 (17.06.2026 വരെ) | 456 |
| **Total** | **12521** |

Anju K.R.

**സെക്ഷൻ ഓഫീസർ**

## അനുബന്ധം 2

| വർഷം | ലഭിച്ച പരാതികളുടെ എണ്ണം | നടപടി സ്വീകരിച്ച പരാതികളുടെ എണ്ണം |
|---|---|---|
| 2016 | 1646 | 1646 |
| 2017 | 1660 | 1660 |
| 2018 | 1703 | 1703 |
| 2019 | 1568 | 1568 |
| 2020 | 1452 | 1452 |
| 2021 | 1377 | 1377 |
| 2022 | 1509 | 1509 |
| 2023 | 1670 | 1670 |
| 2024 | 1468 | 1468 |
| 2025 | 1306 | 1306 |
| 2026 (17.06.2026 വരെ) | 628 | 628 |
| **Total** | **15987** | **15987** |

Arya. K. R

സെക്ഷൻ ഓഫീസർ